## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **3299**

**11.05.2017 ൽ മറുപടിക്ക്**

## അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.ശശി | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അധികൃതമായി പ്രവർത്തിച്ചുവരുന്ന ക്വാറികൾ എത്ര എന്നും അനധികൃതമായും അനുമതിയില്ലാതെയും പ്രവർത്തിക്കുന്നവ എത്ര എന്നും സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br>(ബി) പരിശോധിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) യും (ബി) യും | പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്തു മൈനിങ് & ജിയോളജി വകുപ്പിന്റെ പെർമിറ്റ് /ലീസോടെ 520 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ബഹു. സുപ്രീംകോടതി ഉത്തരവുപ്രകാരം 02.12.2016 മുതൽ ക്വാറി പ്രവർത്തനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമായ സാഹചര്യത്തിൽ പാരിസ്ഥിതികാനുമതി ഇല്ലാതെ പ്രവർത്തിപ്പിക്കുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്പിക്കേണ്ടി വന്നു. എങ്കിലും ഇത്തരം ക്വാറികൾ വീണ്ടും പ്രവർത്തിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചതിനെതുടർന്ന് പരിശോധനകൾ നടത്തി ഖനനം നിർത്തിവയ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിന്റെ കണക്കിൽ അനധികൃത ക്വാറികൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |
| (സി) മുൻപ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ഉപയോഗശൂന്യവുമായ ക്വാറികൾ എത്രയെണ്ണമാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ;<br>(ഡി) ഇവയുണ്ടാക്കുന്ന അപകടങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) യും (ഡി) യും | സംസ്ഥാനത്ത് മുൻപ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ഉപയോഗശൂന്യവുമായ ക്വാറികളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഉപേക്ഷിക്കപ്പെട്ട ക്വാറികൾ ജലസംഭരണികളായി പലയിടത്തും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം ക്വാറികളിൽ കളിക്കാനായി ഇറങ്ങുന്നവർക്ക് അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) ഉപയോഗശൂന്യവുമായ ക്വാറികളിലെ അപകടങ്ങൾ സംബന്ധിച്ച പരിശോധിച്ച ബാലാവകാശകമ്മീഷൻ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യാക്കുമോ;<br>(എഫ്) ഇവയിൽ ഏതെങ്കിലും നാളിതുവരെ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നത് അടിയന്തിരമായി പരിഗണിക്കുമോ? | (ഇ) യും (എഫ്) ഉം | ബാലാവകാശ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ പറയുന്നതാണ്.<br>i) സംസ്ഥാനത്ത് ഉപയോഗശൂന്യമായ ക്വാറികളുടെയും പാറമടകളുടെയും പട്ടിക ഓരോ ജില്ലയിലേയും തദ്ദേശ സ്വയം ഭരണ സ്ഥാപനാധികൃതരും ജില്ലാ ജിയോളജിസ്റ്റുകളും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അടിയന്തിരമായി നൽകേണ്ടതും ഇക്കാര്യം കാണിച്ച് ഗവണ്മെന്റ് സെക്രട്ടറി, ലോക്കൽ സെൽഫ് ഗവൺമെന്റ്, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, പഞ്ചായത്ത് ഡയറക്ടർ എന്നിവർ അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. |

ii) ഉപയോഗശൂന്യമായി കിടക്കുന്നതോ മറ്റോ ആയ ക്വാറികളുടെയും പാറമടകളുടെയും ലിസ്റ്റ് ലഭിച്ചു കഴിഞ്ഞാൽ 2015- ലെ The Kerala Minor Mineral Concession Rules – ലെ ചട്ടം 63 പ്രകാരമുള്ള ക്വാറി സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ചട്ടം 65(2) പ്രകാരം പാറമടകൾക്കും ക്വാറികൾക്കും ചുറ്റും സംരക്ഷണ മതിൽ സ്ഥാപിക്കാനാവശ്യമായ നടപടി ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതും ഇക്കാര്യം കാണിച്ച് റവന്യൂ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

iii) അപകട സാധ്യതയുള്ള ക്വാറികൾക്കും പാറമടകൾക്കും സമീപം അപായസൂചന ബോർഡുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതും ആയതിന്റെ ചിലവ് ക്വാറി ഉടമകളിൽ നിന്നോ മറ്റോ ഗ്രാമപഞ്ചായത്തിന് ഈടാക്കാവുന്നതും ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

iv) സർക്കാരിന് ഉചിതമെന്ന് തോന്നുന്നുവെങ്കിൽ ഉപയോഗശൂന്യമായ ക്വാറികളും പാറമടകളും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ക്വാറി ഉടമകളിൽ നിക്ഷിപ്തമാക്കി നിയമനിർമ്മാണം നടത്തുന്ന കാര്യവും ചിന്തിക്കാവുന്നതാണ്.

സംസ്ഥാനത്ത് മുൻപ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ഉപയോഗശൂന്യവുമായ ക്വാറികളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**